# നേരും നിഷ്കളങ്കതയും നമ്മെ ഭരിക്കട്ടെ

## ഇയ്യോബ് 11:13–14

"നീ നിന്റെ ഹൃദയത്തെ സ്ഥിരമാക്കി അവങ്കലേക്കു കൈ മലർത്തുമ്പോൾ നിന്റെ കൈയ്യിൽ ദ്രോഹമുണ്ടെങ്കിൽ അതിനെ അകറ്റുക. നീതികേട് നിന്റെ കൂടാരങ്ങളിൽ പാർപ്പിക്കരുത്."

നാമെല്ലാവരും അനുദിനവും നമ്മുടെ ആവശ്യ ഭാരങ്ങളുമായി ദൈവസന്നിധിയിൽ കടന്നു ചെല്ലുന്നവരാണല്ലോ. എന്നാൽ ദൈവത്തിൽ നിന്നും ഒരു അനുഗ്രഹം പ്രാപിക്കുവാൻ എനിക്ക് അർഹതയുണ്ടോ എന്ന് നാം നമ്മെത്തന്നെ ഒന്ന് ശോധന ചെയ്തിട്ടു വേണം അവിടുത്തെ സന്നിധിയിലേക്ക് ചെയ്യുവാൻ എന്ന് മുകളിൽ പറഞ്ഞിരിക്കുന്ന വചനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. പുതിയ തീരുമാനങ്ങൾ ഒക്കെയെടുത്ത് നാം ദൈവസന്നിധിയിൽ ചെല്ലുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ മറ്റുള്ളവരിൽ നിന്നും നമുക്കുണ്ടായിട്ടുള്ളതോ നമ്മിൽ നിന്നും മറ്റുള്ള വ്യക്തികളെ മുറിപ്പെടുത്തുന്നതോ ആയിട്ടുള്ള വേദനിപ്പിക്കുന്ന ഓർമ്മകൾ ഇപ്പോഴും നമ്മുടെ ഹൃദയങ്ങളിൽ ഉണങ്ങാതെ അവശേഷിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം ദൈവസന്നിധിയിൽ പൂർണ്ണമായി ക്ഷമിക്കുവാൻ നമുക്ക് കഴിഞ്ഞോ മതിയാകൂ എന്ന് പരിശുദ്ധാത്മാവാകുന്ന ദൈവം ഈ വചനത്തിലൂടെ നമ്മെ ചൂണ്ടിക്കാണിക്കുകയാണ്.

**മത്തായി 5:23–24** നാം വായിക്കുമ്പോൾ കർത്താവിന്റെ വചനങ്ങൾ ഇപ്രകാരം പറയുന്നു: "ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടു വരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെ വെച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു, ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊൾക പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക."

ഈ വചനങ്ങളും ശക്തമായി നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട്. നമ്മുടെ വഴിപാടാകുന്ന നന്ദിയർപ്പണവുമായി ആവശ്യഭാരങ്ങളുമായി നാം ദൈവസന്നിധിയിൽ മുട്ടു മടക്കുമ്പോൾനമ്മുടെ ഹൃദയം ശുദ്ധീകരിക്കപ്പെട്ട നിലയിൽ ദൈവത്തോടും മനുഷ്യരോടും കുറ്റമറ്റ മനസ്സാക്ഷിയോടെ ആയിരിക്കേണം. അപ്രകാരമല്ല എങ്കിൽ നമ്മുടെ പ്രാർത്ഥനകൾ, സ്തോത്രയാഗങ്ങൾ ഒന്നും കർത്താവ് കൈക്കോള്ളുക ഇല്ലായെന്ന് ഈ വാചകങ്ങൾ എല്ലാം തന്നെ നമ്മെ ഓർമ്മിപ്പിക്കുകയാണ്. അങ്ങനെയെങ്കിൽ ചെറുതെന്നു തോന്നുന്ന പലപ്പോഴും നാം നിസ്സാരമായി കാണുന്ന പലകാര്യങ്ങൾ വിട്ടുകളഞ്ഞ് ഉപേക്ഷിക്കുവാൻ നാം തയ്യാറാവണം. നമ്മുടെ ചിന്തകൾ, നോട്ടം, വാക്കുകൾ, നിരൂപണ

ങ്ങൾ, പ്രവർത്തികൾ ഒക്കെ ദൈവം ഓരോ നിമിഷവും അറിയുന്നുവല്ലോ. ഈ വക ജഢത്തിന്റെ പ്രവർത്തികളെ ഒക്കെ വിശുദ്ധീകരിക്കുവാൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രക്തം ഇന്നും ഗുണകരമായി സംസാരിച്ചുകൊണ്ടിരിക്കുന്നു.

"മനുഷ്യരുടെ അകത്തേക്ക് കടക്കുന്നതല്ല മനുഷ്യന്റെ ഹൃദയത്തിൽ നിന്നും പുറപ്പെടുന്നതാണ് മനുഷ്യനെ അശുദ്ധനാക്കുന്നതെന്ന്" കർത്താവ് തന്നെത്തന്നെ വാമൊഴിയാൽ പറഞ്ഞിരിക്കുന്നുവല്ലോ. നമ്മുടെ ഹൃദയത്തിൽ മുളച്ചു പൊങ്ങി വരുന്ന സകല ദുഷ്ടതകളെയും ക്രിസ്തുവിനോടുള്ള അനുസരണത്തിൽ പിടിച്ചടുക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഓരോ നിമിഷവും നമ്മുടെ ഹൃദയങ്ങളിൽ സ്തുതികളാലും സങ്കീർത്തനങ്ങളാലും ദൈവത്തെ മഹത്വപ്പെടുത്തുന്നവരായി തീരുവാൻ സാധിക്കണം. അപ്രകാരം ആയിരിക്കുമ്പോൾ ഒരു ദുഷ്ട ശക്തിക്കും നമ്മെ കീഴ്പ്പെടുത്തുവാൻ കഴിയില്ല.

ആകയാൽ എല്ലാ ചതിവും നിഗളവും വ്യാജഭാവവും നമ്മുടെ ഹൃദയങ്ങളിൽ നിന്നും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ നിഷ്ക്കളങ്കതയോടെ നേരോടെ ആയിരിക്കുവാൻ സർവ്വ ശക്തനാകുന്ന ദൈവത്തിന്റെ അധികം കൃപ നമ്മുടെ മേൽ അവിടുന്നു ചൊരിയട്ടെ. നേരൊടെ നടക്കുന്നവർക്ക് ഒരു നന്മയും മുടക്കുകയില്ല എന്നുള്ളതാകുന്നുവല്ലോ വചനം നമ്മെ പഠിപ്പിക്കുന്നത്. അപ്രകാരം ഹൃദയ ശുദ്ധി ഉള്ളവരായിത്തീരുവാൻ പരിശുദ്ധാത്മാവാകുന്ന ദൈവം നമ്മെ എല്ലാവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

ഇയ്യോബ് 12:10

'സകല ജീവജന്തുക്കളുടെയും പ്രാണനും സകല മനുഷ്യവർഗ്ഗത്തിന്റെയും ശ്വാസവും അവന്റെ കൈയ്യിൽ ഇരിക്കുന്നു.'

അശ്വതി ബിനു ഏറ്റുമാനൂർ 016